# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ് | 2006 ഡിസംബർ 16



**മുഖലേഖനം**

## കാതോലിക്കേറ്റിന്റെ അടിസ്ഥാന ശിലകൾ പാകിയ പ. ഗീവർഗ്ഗീസ് പ്രഥമൻ ബാവാ

മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ എന്ന സ്ഥാനം പ: ബസ്സേലിയോസ് പൗലൂസ് പ്രഥമൻ എന്ന മുറിമറ്റത്തിൽ ബാവായ്ക്കാണെങ്കിലും, മലങ്കരയിലെ കാതോലിക്കേറ്റിന്റെ ഊടും പാവും പ്രദാനം ചെയ്യപ്പെട്ടത് രണ്ടാമത്തെ കാതോലിക്കായായ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായിലൂടെയാണ്. ഒന്നാം കാതോലിക്കാ സ്ഥാനാരോഹണം ചെയ്തത് വളരെയേറെ പ്രായം ചെന്നതിനു ശേഷമായിരുന്നതിനാലും വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്റെ ശാശ്വത ഭവനത്തിലേക്ക് യാത്രയായതിനാലും കാര്യമായ രീതിയിൽ പ്രവർത്തിക്കുവാൻ പരിമിതികളുണ്ടായിരുന്നു. കാതോലിക്കാസ്ഥാനത്തെക്കുറിച്ച് സാധാരണക്കാരുടെയിടയിൽ വളരെയേറേ ആഴത്തിലുള്ള അറിവുകളില്ലാഞ്ഞതും മറ്റൊരു കാരണമാകാം.

മുൻഗാമി കാലം ചെയ്ത് ഒരു വ്യാഴവട്ടക്കാലത്തിനു ശേഷമാണ് രണ്ടാം കാതോലിക്കാ സ്ഥാനാരോഹണം ചെയ്തത്. വട്ടശ്ശേരിൽ തിരുമേനി എന്ന ജ്വലിക്കുന്ന സൂര്യനു മുന്നിൽ മറ്റാരെങ്കിലുമായിരുന്നെങ്കിൽ അസ്തപ്രഭമായിപ്പോകുമായിരുന്ന നിലയായിരുന്നു അന്നുണ്ടായിരുന്നത്. കാതോലിക്കാ – മലങ്കര മെത്രാപ്പോലീത്താ സ്ഥാനികളുടെ പ്രവർത്തന മേഖലയും അധികാര വ്യാപ്തിയും ഉത്തരവാദിത്തങ്ങളുമെല്ലാം ഇഴ തിരിച്ചെടുക്കുക പ്രയാസമായിരുന്ന ഒരു കാലഘട്ടത്തിൽ കാതോലിക്കേറ്റിന് ഒരു വ്യതിരിക്തതയും രൂപഭാവങ്ങളും നൽകുക എന്നത് അതീവ ദുഷ്ക്കരമായ കർത്തവ്യമായിരുന്നു. നിശബ്ദമായ കാര്യക്ഷമത എന്ന സിദ്ധിയുടെ ആൾരൂപമായിരുന്ന ആ മഹാതാപസൻ അതു സാധിച്ചെടുത്തു എന്നത് സമകാലീനരേക്കാൾ കൂടുതലായി മനസ്സിലാക്കിയത് പിൽക്കാല ചരിത്ര പഠിതാക്കളാണ്. മഹാ താപസൻ, വേദശാസ്ത്രം, ആരാധന എന്നിവയിലുള്ള അഗാധ പാണ്ഡിത്യം, വിശാലമായ വീക്ഷണം, ഇടപെടുന്ന എല്ലാ മേഖലകളെപ്പറ്റിയും പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള വ്യുൽപ്പത്തി, ഏറ്റെടുക്കുന്ന ചുമതലകൾ ഭംഗിയായി നിർവ്വഹിക്കണമെന്ന വാശി, കഠിനാധ്വാനം, വ്യതശുദ്ധി എന്നിങ്ങനെ അനേകം ഗുണങ്ങളുടെ വിളനിലമായിരുന്ന പ. ബാവായെപ്പറ്റി കൂടുതൽ പഠനങ്ങൾ ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്.

വെള്ളിക്കുരിശു പണിയുന്നതിനേക്കാൾ, പള്ളിക്കാവശ്യം ഒരു പ്രാഥമിക വിദ്യാലയമാണെന്ന ദർശനം പ്രാവർത്തികമാക്കുക വഴി എത്ര തലമുറകളിലെ എത്ര ജന്മങ്ങളെ ഗുണപരമായി സ്വാധീനിച്ചു എന്നത് കണക്കെടുക്കപ്പെടാവുന്നതിനപ്പുറമാണ്. സഭയുടെ മാത്രമല്ല, വാകത്താനം എന്ന പ്രദേശത്തിന്റെ അഭ്യുന്നതിക്കുതകുന്ന പ്രവർത്തനങ്ങളും നടത്തുവാൻ പ. ബാവായ്ക്കു സാധിച്ചത് ആ വലിയ ദർശനത്തിന്റെ ഫലമായിട്ടായിരുന്നു. വളരെ കൃത്യമായി എഴുതി സൂക്ഷിച്ചിരുന്ന ഡയറിയിൽ സഭാപരമായും ആദ്ധ്യാത്മികമായുമുള്ള കാര്യങ്ങളല്ലാതെ വ്യക്തിപരമായ കാര്യങ്ങളൊന്നും സ്ഥാനം പിടിച്ചിട്ടില്ല എന്നത് ആ ചിന്താമണ്ഡലത്തിൽ വ്യാപരിച്ചിരുന്നത് എന്താണെന്നുള്ളതിന്റെ സൂചനയാണ്. പ. പരുമല തിരുമേനിയുടെ ഇഹലോക വാസത്തിന്റെ അവസാന ദിവസങ്ങളുടെ വ്യക്തമായ വിവരണം, കബറടക്കവും അനുബന്ധ നടപടികളും എന്നിവയെല്ലാം സംബന്ധിച്ചുള്ള ആധികാരികരേഖ ഉൾപ്പെടുന്ന ആ ഡയറി അനേക മാനങ്ങളുള്ള ഒരു അനർഘ നിധിയാണ്.

കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സഹായിയായിരുന്ന കാരുചിറ റമ്പാൻ തൃക്കുന്നത്ത് സെമിനാരി പണിയിപ്പിക്കുവാൻ നടത്തിയ കഠിനാദ്ധ്വാനം തമസ്ക്കരിക്കുവാൻ ശ്രമിച്ചത് വിഘടിത വിഭാഗക്കാർ മാത്രമല്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. ഓർത്തഡോക്സ് സഭയുടെ അംഗീകൃത ചരിത്രകാരന്മാരിൽ ചിലരും അതിൽ പങ്കാളികളാകുന്നതിന്റെ കാരണങ്ങൾ എന്തു തന്നെയായാലും അത്യന്തം അപലപനീയമാണ്. സെമിനാരി പണിക്ക് പണം പിരിക്കുന്നതു മുതൽ കല്ലും മരവുമെല്ലാം വാങ്ങുക മുതലായ ജോലികളും ചെയ്തതിന്റെ പ്രസക്തമായ വിവരങ്ങൾ പ്രസ്തുത ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടവിൽ തിരുമേനിയുടെ കാലശേഷം തൃക്കുന്നത്തു സെമിനാരി കാര്യങ്ങൾ നടത്തുവാൻ ചുമതലപ്പെട്ടിരുന്ന രണ്ടു പേരിൽ ഒരാൾ കാരുചിറ റമ്പാച്ചനാണെന്നതും പലരും ബോധപൂർവ്വമോ അല്ലാതെയോ തമസ്ക്കരിച്ചിട്ടുള്ള കാര്യമാണ്. എന്നാൽ ഈ ഡയറിയുടെ പ്രസിദ്ധീകരണത്തോടെയെങ്കിലും ചരിത്രരേഖകളിൽ ഈ യാഥാർത്ഥ്യങ്ങൾ സ്ഥാനം പിടിക്കുമെന്ന് പ്രത്യാശിക്കാം.

കാതോലിക്കേറ്റിന്റെ മുദ്ര, അംശവടി തുടങ്ങിയ ബാഹ്യചിഹ്നങ്ങൾ രൂപം നൽകുമ്പോൾ ആ സ്ഥാനം എന്തിനുവേണ്ടിയെന്നും അതു പ്രതിനിധാനം ചെയ്യുന്നത് എന്തിനെയാണെന്നുമുള്ള ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു. സ്ഥാനമേറ്റെടുക്കുവാൻ പ. വട്ടശ്ശേരിൽ തിരുമേനിയും മറ്റും ആവശ്യപ്പെട്ടപ്പോൾ താൻ അതിനു അയോഗ്യനാണെന്നും കൂടുതൽ യോഗ്യനായ ഗ്രീഗോറിയോസ് മെത്രാച്ചനെ (പിന്നീട് ഗീവർഗീസ് ദ്വിതീയൻ ബാവാ) ആ സ്ഥാനത്തേക്കുയർത്തുവാനും നിർദ്ദേശിച്ച ആ ത്യാഗസന്നദ്ധത അനുകരണീയമാണ്. സഭയുടെ നിർബന്ധത്തിനു വഴങ്ങി സ്ഥാനമേറ്റെടുത്ത ശേഷം ആ സ്ഥാനത്തോടു നീതിപുലർത്തുക എന്ന ധർമ്മം ഭംഗിയായി നിർവ്വഹിക്ക മാത്രമല്ല, അതിന്റെ ഭാവി സംബന്ധമായ ഊടുപാവുകൾ നെയ്ത പ്രവർത്തനശൈലി ഒരു മാർഗ്ഗദീപമായി എന്നും ജ്വലിച്ചു നിൽക്കട്ടെ.

## സ്ഥാനമാന പദവികളിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ച പ. പിതാവ്

### പീലിപ്പോസ് പോട്ടയ്ക്കാവയലിൽ

പ: ഗീവർഗ്ഗീസ് പ്രഥമൻ ബാവായുടെ പൗരോഹിത്യ പദവികളും സ്ഥാനമാനങ്ങളും ദൈവ നിയോഗങ്ങൾ മാത്രം. കാരണം സാധാരണ കർഷക കുടുംബത്തിലെ ദൈവിക ചൈതന്യമുള്ള ബാലനെ അന്നത്തെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന കടവിൽ പൗലോസ് മാർ അത്താനാസ്സിയോസ്സ് തിരുമേനി കണ്ടെത്തി പെന്തിക്കോസ്തി നാളിൽ വൈദികവൃത്തിയിലേയ്ക്ക് കൈപിടിച്ച് ചുവടു വയ്പിച്ചു. തുടർന്ന് പ. പരുമല തിരുമേനിയുടെയും വട്ടശ്ശേരി മല്പാന്റെയും (പ. വട്ടശ്ശേരി തിരുമേനി) കോനാട്ടു മാത്തൻ മല്പാന്റെയും അരുമയായ ശിഷ്യനായി. പഠനത്തിന്റെയും വളർച്ചയുടെയും പന്ഥാവുകൾ വെട്ടിതുറന്നുകൊടുത്ത മഹാത്മാക്കൾക്കൊപ്പം പ. ഗീവർഗ്ഗീസ് പ്രഥമൻ ബാവായും തിരുസഭയിൽ ഉടനീളം ഇന്നും പരിപൂർണ്ണമായി പരിലസിക്കുന്നതിന്റെ ദൃഷ്ടാന്തമാണ് വള്ളിക്കാട്ട് ദയറായിൽ സന്നിഹിതരാകുന്ന വിശ്വാസി സമൂഹം.

താൻ തെരഞ്ഞെടുത്ത ബാലന്റെ കാര്യ പ്രാപ്തിയും, കർത്തനോടുള്ള അർത്ഥനയിലും ആകൃഷ്ടനായ കടവിൽ മാർ അത്താനാസിയോസ്സ് ശെമ്മാശനെ തന്റെ സന്തത സഹചാരിയും സെക്രട്ടറിയായും നിയോഗിച്ചു. കാലം മാറുന്തോറും സഭ

(ശേഷം 2–ാം പേജിൽ)

## കാതോലിക്കേറ്റിനു വ്യക്തിത്വം നൽകിയ പ. ബാവ

### ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

സ്വമനസ്സാലെയല്ലാതെ കാതോലിക്കാ സ്ഥാനത്തു വരിക. സഭ തന്നെ ഏൽപ്പിച്ച സ്ഥാനത്തിന് ചുരുങ്ങിയകാലംകൊണ്ട് ഒരു വ്യക്തിത്വം രൂപപ്പെടുത്തുക. ഈ അപൂർവ നേട്ടത്തിനുടമയാണ് പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ. പ. സഭയുടെ തീരുമാനപ്രകാരവും പ. അബ്ദൽ മ്ശീഹാ പാത്രിയർക്കീസിന്റെ കല്പനപ്രകാരവും മലങ്കരസഭ തനിച്ചു വാഴിച്ച ആദ്യ പൗരസ്ത്യ കാതോലിക്കായാണ് പ.ഗീവർഗീസ് പ്രഥമൻ ബാവാ. തന്റെ തിരഞ്ഞെടുപ്പിനെപ്പറ്റി അദ്ദേഹത്തിന്റെ ആത്മകഥയായ *സഭാജീവിത നാൾവഴിയിൽ* ഇപ്രകാരം രേഖപ്പെടുത്തുന്നു:

"....1924 – 1100 തുലാ മാസം 17–നു കഥാനായകൻ (പ. പിതാവ്) പരുമല പെരുന്നാളിന് യാത്ര പുറപ്പെട്ടു. 18–നു അവിടെ എത്തി. 20–നു ഞായറാഴ്ച പരുമല പള്ളിയിൽ കഥാനായകനും ഗ്രീഗോറിയോസ് മെത്രാച്ചനും (പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ) ഒരു പട്ടക്കാരനും കൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. 21–നു ടിയാൻമാർ ആ പള്ളിയിൽ മൂന്നിൻമേൽ ചൊല്ലി. 20–നു കുർബാന മദ്ധ്യേ ദീവന്നാസ്യോസ് മെത്രാച്ചനും (പ. വട്ടശ്ശേരിൽ തിരുമേനി) 21–നു മട്ടക്കൽ മല്പാനും (അലക്സന്ത്രയോസ് കത്തനാർ) പ്രസംഗിച്ചു. 21–നു പെരുന്നാളിൽ റാസ കഴിഞ്ഞ ശേഷം വൈദികയോഗം കൂടി. ടി. യോഗത്തിൽ ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു ദീർഘമായ പ്രസംഗം ചെയ്തു. താമസിയാതെ സഭാ സംബന്ധമായ കുഴപ്പങ്ങൾക്കു തീരുമാനം വരുത്തുന്നതാണെന്ന് പറകയും ഉണ്ടായി. 22–നു മുതൽ 3 ദിവസത്തേക്ക് കഥാനായകനോടും ഗ്രീഗോറിയോസ് മെത്രാച്ചനോടും കാതോലിക്കാസ്ഥാനം ഏൽക്കുന്നതിനേക്കുറിച്ച് തീരുമാനം പറയണമെന്ന് മെത്രാച്ചൻ നിർബന്ധം ചെയ്തു. ഒടുവിൽ ചിട്ടിയിൽ തീരുമാനിക്കുന്നതിന് സമ്മതമെന്ന് 2 പേരും പറയുകയും 24–നു ചിട്ടി കബറുങ്കൽ വച്ച് ഇടുകയും ചിട്ടി കഥാനായകന്റെ പേരിൽ വീഴുകയും ചെയ്തു..."

1912–ൽ ഇന്ത്യയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ചുവെങ്കിലും മാസങ്ങൾക്കുള്ളിൽ ഒന്നാം കാതോലിക്കാ കാലം ചെയ്തതിനാൽ മോറാൻ മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ, *ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിൽ കാതോലിക്കാ* എന്ന സ്ഥാനനാമം ഉപയോഗിച്ചതെന്യേ, കാതോലിക്കായ്ക്ക് പ്രത്യേക സ്ഥാനചിഹ്നങ്ങളോ ആസ്ഥാനമോ ഉണ്ടായില്ല. പിന്നീട് ഒരു വ്യാഴവട്ടക്കാലം പ. സിംഹാസനം ഒഴിഞ്ഞുകിടന്ന കാലത്ത് ആരും അതിനെപ്പറ്റി ചിന്തിച്ചുമില്ല.

ശ്രദ്ധേയമായ നാലു സംഭാവനകളാണ് പ. പിതാവിന്റേതായി ഈ രംഗത്ത് കണ്ടെത്തിയിട്ടുള്ളത്. അവ മുതലവായൻമുടി, അംശവടി, മുദ്ര, അൽമത്തിക്കാപ്പ എന്നിവയാണ്. ഇവയെല്ലാം തനതായ വ്യക്തിത്വം പുലർത്തുന്നവയും അർത്ഥപൂർണ്ണവും പ. പിതാവിന്റെ കലാപാടവത്തിന്റെയും സഭാശാസ്ത്ര പാണ്ഡിത്യത്തിന്റെയും ബഹിർസ്ഫുരണങ്ങളുമാണ്.

പ. പിതാവ് കാതോലിക്കേറ്റിനു നൽകിയ വ്യക്തിത്വ നിർവചനങ്ങൾ അദ്ദേഹം സൃഷ്ടിച്ച സ്ഥാനചിഹ്നങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചാൽ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി തികച്ചും ദേശീയമായ ഒരു വ്യക്തിത്വം പൗരസ്ത്യ കാതോലിക്കേറ്റിനുണ്ടെന്നും, പൗരസ്ത്യ കാതോലിക്കാ സിംഹാസനം ശ്ലൈഹീക സിംഹാസനമാണെന്നും, പൗരസ്ത്യ കാതോലിക്കാ മഹാപുരോഹിതന്മാരിൽ തലവനാണെന്നും, അദ്ദേഹം His Holiness എന്നും Moran Mar എന്നും സംബോധന ചെയ്യപ്പെടാനും ചുവന്ന മഷിയിൽ മുദ്ര കുത്തുവാനും അധികാരമുള്ള അത്യുന്നത മേലധികാരിയാണെന്നും, പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിനു സ്വന്തമായ വരുമാന മാർഗ്ഗമുണ്ടെന്നും മനസിലാക്കാം.

അകാലത്തിൽ പ. പിതാവിന്റെ ഭൗതീക ജീവിതം അസ്തമിക്കാതിരുന്നെങ്കിൽ തീർച്ചയായും പ. മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനമാകുന്ന കാതോലിക്കേറ്റിന് ഇന്നത്തേക്കാൾ മിഴിവാർന്ന ഒരു വ്യക്തിത്വം അദ്ദേഹം രൂപപ്പെടുത്തിയേനെ എന്നതു നിസ്തർക്കമാണ്.



പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ പൗരസ്ത്യ കാതോലിക്കാ

1982–ൽ പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കല്പന പ്രകാരം വള്ളിക്കാട്ടു ദയറായുടെ മാനേജർ ചുമതല ഞാൻ സ്വീകരിച്ചു. അന്ന് പ. ബാവാ തിരുമനസ്സ് എന്നോടു പറഞ്ഞ വാക്കുകൾ ഇന്നെന്നപോലെ ഓർക്കുന്നു. "പരുമലത്തിരുമേനിയെപ്പോലെ പരിശുദ്ധനായ ഒരു പിതാവിന്റെ കബറിടം കുടികൊള്ളുന്ന ദേവാലയത്തിലേയ്ക്കാണ് പോകുന്നത്. അവിടം പരുമല പോലെ ഉയരേണ്ട സ്ഥലമാണ്." ഹൃദയസ്പർശിയായ ആ വാക്കുകളായിരുന്നു എന്നെ നയിച്ചത്. ക്രാന്തദർശിയായ തിരുമനസ്സിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ തന്നെ എനിക്ക് അനുഭവവേദ്യമായി.

പ. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമനസ്സിന്റെ കബറിടത്താൽ അനുഗ്രഹീതമായ ഈ ദേവാലയം സഭയുടെ പ്രധാന തീർത്ഥാടനകേന്ദ്രമായി ഉയർന്നു കഴിഞ്ഞു. മലങ്കരസഭയിലെ പൊതു തീർത്ഥാടനകേന്ദ്രമായി പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ 2003 നവം. 19–ന് ദയറായെ പ്രഖ്യാപിച്ചു. ഇന്ന് അനേകായിരം വിശ്വാസികളുടെ മദ്ധ്യസ്ഥതാ സങ്കേതമായി പ. പിതാവിന്റെ കബറിടം കുടികൊള്ളുന്നു.

പരിശുദ്ധജീവിതം നയിച്ച തപോവര്യനായ പ. ഗീവറുഗീസ് പ്രഥമൻ ബാവാ തിരുമനസ്സിലെ ഡയറിക്കുറിപ്പുകൾ, ഏഴര പതിറ്റാണ്ടിനുശേഷം പ്രസിദ്ധീകരിച്ചതോടെ തിരുമനസ്സിലെ വ്യക്തിജീവിതത്തിലേയും സഭാജീവിതത്തിലേയും അറിയപ്പെടാത്ത ഏടുകൾ തുറക്കപ്പെടുകയാണ്. ഇത്രമാത്രം കൃത്യതയോടെ ഡയറി എഴുതി സൂക്ഷിച്ച മറ്റൊരു വന്ദ്യപിതാവ് മലങ്കരയിലുണ്ടെന്ന് തോന്നുന്നില്ല. ഈ ഡയറിയിലൂടെ കടന്നുപോകുമ്പോൾ ചരിത്രകാരന്റെ, ആത്മീയ ഇടയന്റെ, സഭാസ്നേഹിയുടെ, ദർശനമുള്ള നേതാവിന്റെ വിവിധ മുഖങ്ങൾ നമുക്ക് അനുഭവിക്കാൻ കഴിയുന്നു. പ. പിതാവിന്റെ പ്രാർത്ഥന എപ്പോഴും കോട്ടയായിരിക്കട്ടെ



ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

# ഒരു സൂര്യോദയം

## മഹാകവി വള്ളത്തോൾ

കുന്നംകുളത്തുകാരുടെ ഭാഗ്യാദിരേകത്താൽ ഇവിടെ സന്നിധാനം ചെയ്തിരിക്കുന്ന കാതോലിക്കാ ബാവാ തിരുമനസിലേയ്ക്കും, അവിടുത്തോടുള്ള ഭക്തിബഹുമാനങ്ങളെ കാണിപ്പാൻ ഇവിടെ സമ്മേളിച്ച മാന്യ സദസ്യർക്കും ഞാൻ വെവ്വേറെ വന്ദനം പറഞ്ഞുകൊള്ളുന്നു.

മനുഷ്യനു താൻ എവിടെനിന്നു വന്നു, എവിടേയ്ക്കു പോകുന്നു എന്നുള്ള ആലോചന ഒരിക്കലും ചെല്ലുന്നില്ല. സുഖം കിട്ടുന്നത് എവിടെ നിന്നാണ് എന്നന്വേഷിച്ചു നടക്കുന്ന അവന്റെ ദൃഷ്ടി ഐഹിക വിഷയങ്ങളെ വിട്ട് ഒരിക്കലും മുകളോട്ടു കയറുന്നില്ല. വാസ്തവത്തിൽ നാം ഭ്രമിക്കുന്ന പ്രപഞ്ചസുഖം നശ്വരമാണ്. "കരയുന്നവൻ ചിരിക്കും; വിശക്കുന്നവനു തൃപ്തിവരും" എന്നുപദേശിച്ചിട്ടുള്ള ലോകഗുരു വിഷയ സുഖങ്ങളിൽ നിന്നു മനുഷ്യരെ പിന്തിരിപ്പിക്കുകയാണു ചെയ്യുന്നത്. എന്നാൽ അവരാകട്ടെ പൗലോസു പുണ്യവാളൻ പറയുന്നതുപോലെ, "സ്രഷ്ടാവിനേക്കാളധികം സൃഷ്ടത്തെ ആരാധിച്ചു കഴിയുന്നു." ഈ പ്രാപഞ്ചിക തമസ്സിനു ഒരു സൂര്യോദയമാണ് ഇത്തരം മഹാന്മാരായ മതാദ്ധ്യക്ഷന്മാരുടെ സമാഗമം.

കുന്നംകുളം പട്ടണം ഒന്നര ആഴ്ചവട്ടമായി തികച്ചും സൂര്യപ്രകാശത്തിൽ തന്നെയായിരുന്നു. ഇന്നോ നമ്മുടെ ആകാശമണ്ഡലം കറുത്തിരുണ്ടിരിക്കുകയാണ്. ആദ്ധ്യാത്മ വിഷയത്തിലേക്ക് ആളുകളെ ആകർഷിച്ചുകൊണ്ട് നമ്മുടെ ഇടയിൽ ഇത്രയും ദിവസമിരുന്നരുളിയ തിരുമേനിയുടെ വിരഹത്തിൽ നമുക്കുള്ള ദുഃഖത്തെ പ്രകൃതിദേവിയും വീതിച്ചെടുക്കുന്നതായി തോന്നുന്നു! എന്തായാലും അവിടുത്തെ സാന്നിദ്ധ്യം കുന്നംകുളത്തുനിന്ന് ഒരിക്കലും വിട്ടുപോകുന്നതല്ല. അത്രമേൽ അതു ഹൃദയത്തിൽ ഭക്തിയാൽ പതിക്കപ്പെട്ടിരിക്കുന്നു.

മലങ്കര സുറിയാനിസഭ തുർക്കി രാജ്യത്തെ പാത്രിയർക്കീസന്മാരുടെ ഭരണത്തിൽ നിന്നു - ദുർഭരണത്തിൽ നിന്നു എന്നു തന്നെ പറയാം - മോചനം പ്രാപിച്ചിട്ട് ഒരു പന്തീരാണ്ടു കാലമായിരിക്കുന്നു. പാത്രിയർക്കാഭരണത്തിന്റെ അടി മാന്തിനോക്കിയാൽ റഷ്യയിലെ മഹർഷിവര്യനായ ടോൾസ്റ്റോയി ഒരവസരത്തിൽ അമേരിക്കക്കാരെപ്പറ്റി പറഞ്ഞപോലെ, "ഡോളർ രാജാവിന്റെ അടിമകളായിട്ടുള്ളവർ മതരാജാവിനെ സിംഹാസന ഭൃഷ്ടനാക്കിയത്" പലപ്പോഴും കണ്ടെത്തും. ഈശ്വരന്റെ കളിപ്പുരയായ ലോകത്തിൽ ഇത്തരം നേരമ്പോക്കുകൾ പലതും കാണാവുന്നതാണ്. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തിയാലുണ്ടോ" സാധുവാകുന്നു!. ഇദ്ദേഹം കാതോലിക്കാ സിംഹാസനത്തിന്റെ ദ്വിതീയധിപതിയാണെങ്കിലും ഇപ്പോൾ മാത്രമേ കുന്നംകുളം പട്ടണത്തിന് ഒരു സ്വദേശീയനായ പരമമതാദ്ധ്യക്ഷന്റെ തൃക്കരം ചുംബിപ്പാനുള്ള ഭാഗ്യം സിദ്ധിക്കയുണ്ടായുള്ളൂ.

ഈ പരിപാവനമായ മഹോത്സവത്തെ ആരാധിക്കുന്നതിൽ കുന്നംകുളം പട്ടണം അതിന്റെ മുഴുവൻ ശക്തിയെ ഉപയോഗിച്ചിട്ടുണ്ട്. തിരുമേനി ഇവിടെ എഴുന്നെള്ളിയ ഉടനെ അവിടുത്തെ കാറിൽ നിന്നിറക്കി മറ്റൊരു തുറന്ന വണ്ടിയിൽ കയറ്റി ജനങ്ങൾ സ്വയംവലിച്ചുകൊണ്ട് പോവുകയാണ് ചെയ്തത്. അതു ഗുരുവിനെ ശിഷ്യർ, അല്ലെങ്കിൽ പിതാവിനെ പുത്രന്മാർ, വഹിച്ച് അവരുടെ ഭക്തിആദരങ്ങളെ വെളിപ്പെടുത്തി. ഈ പുണ്യാചരണത്തെ സ്വർഗത്തിൽ അറിയിപ്പാൻ എന്നപോലെ വാദ്യനിർഘോഷം വാനത്തിലേക്കു തള്ളിക്കയറി. കുന്നംകുളത്തിന് ഈ മഹാത്മാവിന്റെ പേരിലുള്ള ഭക്തിയാദര ബഹുമാനങ്ങളുടെ ഏതാനും ജ്വാലകളാണ് ഒന്നു രണ്ടു ദിവസം മേല്പോട്ടുയർന്ന് ആകാശദേശത്തെ പ്രകാശമയമാക്കിയത്, കേവലമൊരു വെടിക്കെട്ടല്ലായിരുന്നു അത്. "ഇവിടെ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെടും" എന്ന ക്രിസ്തുവചനത്തിനുദാഹരണമെന്നപോലെ, മേല്പോട്ട് പാഞ്ഞ വാണങ്ങളിൽ നിന്നും ഉതിരുന്ന തീപ്പൊരികൾ കണ്ടപ്പോൾ എനിക്ക് തോന്നിയത്, ഈ പരമഗുരുവിന്റെ പാദവിന്യാസത്താൽ പവിത്രീകൃതമായ കുന്നംകുളത്തിന്റെ മേൽ ദൈവദൂതൻമാർ പൊന്നുംപൂക്കൾ വർഷിക്കുകയാണെന്നാണ്. അവരുടെ വിവിധ രത്ന വിഭൂഷിതങ്ങളായ ചിറകുകളാണല്ലോ അവിട്ടു പൊട്ടിത്തെറിച്ച് പരന്നപ്പോൾ ആകാശത്തിൽ നാം കാണുകയുണ്ടായത്.

തിരുമേനിയെ എങ്ങിനെയെല്ലാം ആദരിച്ചാണ് ഇന്നാട്ടുകാർ തൃപ്തിപ്പെടുക? മൂന്നു ലക്ഷത്തിൽപ്പരം ആടുകളെ അവറ്റിന്റെ ആലയിലേക്കു നിർബാധമാകുംവണ്ണം തെളിച്ചുകൊണ്ടുപോകുന്ന ഒരു ദയാശീലനായ ഇടയന്റെ വടിയാണ് തൃക്കൈയിൽ കാണപ്പെടുന്നത്. തൽക്കാലം അകന്നുപോയിട്ടുള്ള ആടുകളും അചിരേണ ഈ അംശവടിയുടെ തേജസ്സിനാൽ ആകർഷിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ അധികം സംസാരിച്ച് അവിടുത്തെ മധുരമായ തിരുവാമൊഴി കേൾക്കാൻ ഉൽക്കണ്ഠപ്പെട്ടുകൊണ്ടിരിക്കുന്ന സദസ്യർക്കു പ്രതിബന്ധം വരുത്തുന്നില്ല. എന്നാൽ അവിടുത്തേക്കു ആയുരാരോഗ്യങ്ങൾ ആശംസിക്കുക കൂടി ചെയ്യാതെ പ്രസംഗപീഠത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നതിനു എന്റെ മനസ്സു സമ്മതിക്കുന്നില്ല താനും! തപഃശക്തിയുള്ള തിരുമേനിക്ക് ക്ഷേമം ആശംസിക്കുന്നതും സൂര്യന് പ്രകാശം ആശംസിക്കുന്നതും ഏതാണ്ട് ഒരു പോലെയാണെന്ന് എനിക്കറിയാം. എങ്കിലും എന്റെ കർത്തവ്യം ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. നമുക്ക് വേണ്ടിയാണ് നാം ഈശ്വരനെ സ്തുതിക്കുന്നത്. നെയീൻ പട്ടണത്തിലേക്ക് കടക്കുന്ന അവസരത്തിൽ യാതൊരു കാരണമാനുഷൻ ശവമഞ്ചത്തെ കരുണാപീയൂഷാർദ്രമായ തൃക്കരം കൊണ്ടു സ്പർശിച്ചതോടു കൂടി ആ മൃതനായിരുന്ന വിധവാപുത്രൻ പുനർജീവിച്ചെഴുന്നേറ്റുവോ; മൃത്യുവിന്റെ ദണ്ഡ് ആരുടെ തൃക്കാൽക്കൽ പലപ്പോഴും ദണ്ഡനമസ്കാരം ചെയ്തുവോ; ആരുടെ പരിശുദ്ധമായ ശ്വാസവായുവാൽ രോഗങ്ങളും പാപങ്ങളും കൊടുങ്കാറ്റിനാൽ കച്ചിലകളെ എന്നപോലെ അതിദൂരം പറന്നുപോയോ; ആ ഭഗവാൻ, പിതാവിന്റെ വലതുവശത്തു വാണരുളുന്ന ജഗദീശരനായ യേശുക്രിസ്തു - ഈ നമ്മുടെ മോറാൻ മാർ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സിലേക്ക് ആയുരാരോഗ്യ പുണ്യസമൃദ്ധിയെ പ്രദാനം ചെയ്യുമാറാകട്ടെ! തിരുമേനിക്ക് ഒരിക്കൽ കൂടി വന്ദനം.

(പ. ബാവാ തിരുമേനിക്ക് കുന്നംകുളത്ത് നൽകിയ സ്വീകരണത്തിലെ പ്രസംഗം. *മലയാള മനോരമ പത്രം, 1925 ഡിസംബർ 15*)

# വാകത്താനത്തിന് എന്നും അഭിമാനിക്കാൻ

## ക്യാപ്റ്റൻ കോശി മത്തായി

ഒരു പൊതു പ്രവർത്തകനോ, ഒരു സാഹിത്യകാരനോ, ഒരു പരിശുദ്ധനോ ജന്മം നൽകുക എന്നത് ഒരു മഹൽ ഭാഗ്യമാണ്. എന്നാൽ ഇവ മൂന്നും അതിലുപരിയുമായ ഒരു യുഗപ്രഭാവന് ജന്മം നൽകിയ മണ്ണാ ണ് വാകത്താനം. ആ മഹത് വ്യക്തിയാകട്ടെ പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ മലങ്കരയിലെ രണ്ടാമത്തെ കാതോലിക്കായായ മോറാൻ മാർ ബസേലിയോസ് ഗീവർഗ്ഗീസ് പ്രഥമനല്ലാതെ മറ്റാരുമല്ല.

വാകത്താനത്തെ ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച് പരമ്പരാഗതമായ പ്രാഥമിക വിദ്യാഭ്യാസവും വൈദീക വിദ്യാഭ്യാസവും മാത്രം ലഭിച്ച പ. ബാവാ എന്തെല്ലാമായിരുന്നു? മലങ്കരസഭയുടെ മഹാചാര്യൻ, പരിശുദ്ധനെന്നു വിശ്വാസി സമൂഹം ഘോഷിക്കുന്ന പുണ്യപുരുഷൻ, ഉത്തമ സന്യാസിയും അജപാലകനും, താൻ പിറന്നതും വ്യാപരിച്ചതുമായ നാടിന്റെ സമഗ്ര വികസനത്തിനായി പള്ളിക്കൂടങ്ങളും, പൊതുവഴികളും, സഹകരണസംഘവും, പോസ്റ്റാഫീസുമൊക്കെയുണ്ടാക്കിയ സാമൂഹിക പരിഷ്കർത്താവ്. വടക്കെ ദിക്കിൽ മലങ്കരസഭയ്ക്കു ആദ്യ പൊതുസ്ഥാപനമായ ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ നിർമ്മാണ കാര്യദർശിയും, പ്രഥമ മാനേജരും, പിന്തുടർച്ചാവകാശിയും. അക്ഷരങ്ങളെ സ്നേഹിച്ച സാഹിത്യ പ്രവർത്തകൻ, കാതോലിക്കേറ്റിനു വ്യക്തിത്വമുണ്ടാക്കിയ സിംഹാസനാരൂഢൻ, അങ്ങനെ എന്തെല്ലാം.

ഇത്തരം യുഗപുരുഷൻമാർ ഒരു തലമുറയിൽ ഒന്നുണ്ടാവുക എന്നതു തന്നെ അത്യപൂർവ്വം. അത്തരമൊരു മഹാനു ജന്മം നൽകിയ വാകത്താനം ദേശത്തിന് എന്നും ആ സൽപ്പുത്രനെയോർത്ത് അഭിമാനിക്കാം. ആ പുണ്യപിതാവിന്റെയും അദ്ദേഹത്തിന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്ന വാകത്താനം വള്ളിക്കാട്ടു ദയറായുടെയും യഥാർത്ഥ മാഹാത്മ്യം മനസിലാക്കിയ വ്യക്തിയാണ്. പ. പിതാവിന്റെ പിൻഗാമിയായ പ. വട്ടക്കുന്നേൽ ബാവാ. അദ്ദേഹം പ്രത്യേക താൽപ്പര്യമെടുത്ത് ആ പുണ്യസങ്കേതം പുനരുദ്ധരിച്ചു. അതിനു നേതൃത്വം നൽകാൻ തന്റെ സെക്രട്ടറിയായ ഇപ്പോഴത്തെ ഇടുക്കി ഭദ്രാസനാധിപൻ ഒരു ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ അദ്ദേഹം ചുമതലപ്പെടുത്തി. വാകത്താനം ദേശവാസികളുടെ നിർലോപമായ സഹകരണം കൊണ്ട് അദ്ദേഹം ആ ചുമതല ഭംഗിയായി നിർവഹിച്ചു. ഇന്ന് മലങ്കരസഭയ്ക്ക് അഭിമാനിക്കാവുന്ന ഒരു മഹാതീർത്ഥാടനകേന്ദ്രമായി വള്ളിക്കാട്ടു ദയറ വളർന്നു. വാകത്താനംകാർക്ക് അഭിമാനിക്കാം. ഒരു യുഗപുരുഷനു ജന്മം നൽകിയതിന്, അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥലം ഉചിതമായ രീതിയിൽ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിൽ.

# സ്ഥാനമാന പദവികളിൽ നിന്ന്

(ഒന്നാം പേജിൽ നിന്നും)

യ്ക്കു കരുത്തേകാൻ എന്നപോലെ കടവിൽ തിരുമേനിയും പ. പരുമല തിരുമേനിയും സഭയുടെ ആഗോള വീഷണധാരയിലേയ്ക്ക് ചുവടുവയ്ക്കുമ്പോഴും കൂടെ കൂട്ടിയത് കാരുചിറ ഗീവർഗ്ഗീസ്സ് ശെമ്മാശനെ തന്നെ. കടവിൽ തിരുമേനിയാൽ പൂർണ്ണ ശെമ്മാശ്ശപട്ടവും, കർത്തനാരു പട്ടവും റമ്പാൻ സ്ഥാനവും ഏറ്റ ഗീവർഗ്ഗീസ്സ് റമ്പാന്റെ പ്രഥമ ദിവ്യബലിയിൽ അകപറമ്പ് പള്ളിയിൽ തന്റെ ഗുരുവും പിതാവുമായ കടവിൽ തിരുമേനിയും ഗുരുക്കന്മാരായ വട്ടശ്ശേരി മല്പാനും, കോനാട്ടു മല്പാനും പങ്കെടുത്തു. പിന്നീട് തന്റെ പിൻഗാമിയായ കല്ലാശ്ശേരിലെ ശെമ്മാശനാണന്ന് ധൂപക്കുറ്റി എടുത്തതെന്നത് ദൈവഹിതം തന്നെ.

കടവിൽ അത്താനാസ്സിയോസ്സ് തിരുമേനിയുടെ വാർദ്ധക്യവും രോഗവും മൂലം പരുമല കൊച്ചുതിരുമേനിയുടെ രോഗാവസ്ഥയിൽ ശുശ്രൂഷിക്കാൻ സാധിച്ചില്ല. ആ കുറവ് നികത്താൻ തിരുമേനി നിയോഗിച്ചതും തന്റെ സെക്രട്ടറിയായ കാരുചിറ റമ്പാനെ തന്നെ. പ. പരുമല തിരുമേനിയുടെ ദേഹവിയോഗ സമയത്തും അനന്തരം നടന്ന കബറടക്കനാളിലെ മൂന്നിന്മേൽ കുർബാനയുടെ പ്രധാന കാർമ്മീകനായതും കാരുചിറ റമ്പാൻ തന്നെ. പരുമല തിരുമേനിയുടെ തിരുസഭയോടുള്ള വിടവാങ്ങൽ ചടങ്ങു നടത്തിയതും കാരുചിറ റമ്പാൻ.

**തൃക്കുന്നത്തു സെമിനാരി**

ഇന്ന് സഭയിലെ വിഘടിതർ അവകാശവാദം ഉന്നയിക്കുന്ന തൃക്കുന്നത്തു സെമിനാരിയുടെ ആദ്യ നില പണിയിച്ചത് കാരുചിറ റമ്പാനാണ്. തന്റെ ഗുരുവിന്റെ ആഗ്രഹ സഫലീകരണത്തിനായി അങ്കമാലിയിലെ പള്ളികളിൽ കയറി പിരിവ് എടുത്ത് പണികഴിപ്പിച്ച സെമിനാരി കെട്ടിടം 1080 കുംഭം ഒന്നാം തീയതി കടവിൽ അത്താനാസ്സിയോസ്സ് തിരുമേനി കൂദാശ ചെയ്തു. തിരുമേനി ഏതാനും മാസങ്ങൾ മാത്രമേ പുതിയ അരമനയിൽ താമസ്സിച്ചുള്ളു. എന്നിരുന്നാലും അത്താനാസ്സിയോസ്സ് തിരുമേനി തൃക്കുന്നത്തു സെമിനാരിയുടെ മാനേജരും, പിന്തുടർച്ചാ അവകാശിയുമായി തന്റെ വിൽപത്രത്തിൽ വാകത്താനത്ത് റമ്പാച്ചനെയാണ് വച്ചത് എന്ന സത്യം വിശ്വാസികൾ അറിഞ്ഞിരിക്കണം.

തന്റെ സർവ്വസ്വവുമായിരുന്ന തിരുമേനിയുടെ വേർപാടിലുള്ള വ്യഥയും തന്നെ അലട്ടിയ രോഗപീഡയും മൂലം തൃക്കുന്നത്തു സെമിനാരിയിൽ നിന്ന് വള്ളിക്കാട്ടേക്ക് റമ്പാച്ചൻ താമസം മാറ്റി. തുടർന്ന് വാകത്താനത്ത് പള്ളിക്കൂടങ്ങൾ ആരംഭിച്ച് നാനാജാതി മതസ്ഥരെ പഠിപ്പിച്ചു. പല സ്കൂളുകളും ഗവൺമെന്റിന് വിട്ടുകൊടുത്തു. നാട്ടുവഴികളും, പോസ്റ്റോപ്പീസും, അനേകം പള്ളികളും സ്ഥാപിച്ചു.

അബ്ദുൾ മിശിഹാ പാത്രിയർക്കീസ് ബാവാ ഗീവർഗീസ്സ് റമ്പാനെ പീലക്സീനോസ് എന്ന പേരിൽ മെത്രാനായിവാഴിച്ചു. പൗലൂസ് പ്രഥമൻ കാതോലിക്കാബാവായ്ക്കു ശേഷം മലങ്കര മെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ തിരുമേനി മാർ പീലക്സീനോസിനെ കാതോലിക്കാസ്ഥാനത്തേക്ക് നിർദ്ദേശിച്ചു. അതിനു താല്പര്യം പ്രകടിപ്പിക്കാതെ പ. വട്ടശ്ശേരിൽ തിരുമേനിയോട് തന്നെ ആ സ്ഥാനത്തേയ്ക്ക് പരിഗണിക്കരുത് എന്ന് അപേക്ഷിച്ചു. എന്തിന്, മാമ്മൻ മാപ്പിളയെപ്പോലുള്ള അത്മായ പ്രമുഖരോടുപോലും ഈ ആവശ്യം പ. പിതാവ് ഉന്നയിച്ചു. സ്ഥാനമാന മഹിമയെ ക്കാളുപരി മിശിഹായുടെ തിരുസഭയെ ശുശ്രൂഷിക്കാൻ ഏതു സ്ഥാനിക്കും, വ്യക്തിക്കും സാധിക്കും എന്നു തെളിയിച്ചു എങ്കിലും തിരുസഭയു ടെ ഹിതാനുസരണം കാതോലിക്കാ സിംഹാസനവും അലങ്കരിച്ചു. ഈ പ. പിതാവിന്റെ സ്ഥാനമാനപദവിയെ കുറിച്ചുള്ള വീക്ഷണവും പരമ്പര്യവും സഭയിൽ നില നിന്നിരുന്നു എങ്കിൽ നമ്മുടെ സഭ എത്ര ധന്യയാകുമായിരുന്നു. (പ. പിതാവിന്റെ മാതുല പൗത്രനാണ് ലേഖകൻ)

**അൽമായവേദി**

വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)

വിലാസം: ALMAYA VEDI, Post Box No. 652, Kottayam - 686 001

**കാതോലിക്കേറ്റിന്റെ നിധി**

പ. ഗീവർഗ്ഗീസ് പ്രഥമൻ ബാവാ ദേഹവിയോഗ പ്ലാറ്റിനം ജൂബിലി ഗ്രന്ഥം

ആത്മകഥ, ജീവചരിത്രം, കല്പനകൾ, പഠനങ്ങൾ, അപൂർവ ചിത്രങ്ങൾ

എക്സിക്യൂട്ടീവ് എഡിറ്റർ: എം. കുര്യൻ തോമസ്

എഡിറ്റർ: ജോയ്സ് തോട്ടയ്ക്കാട്

650 ഓളം പേജുകൾ. വില 250 രൂപ

പ്രസാധകർ: വള്ളിക്കാട്ട് ദയറാ, വാകത്താനം, കോട്ടയം



**സമ്പൂർണ്ണ മലയാള രചനകൾ വാല്യം 1**

**സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത**

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ദർശനത്തിന്റെ പൂക്കൾ, സ്നേഹത്തിന്റെ സ്വാതന്ത്ര്യം: ഒരു മഹാ രഹസ്യം (ആത്മകഥ), സ്വാതന്ത്ര്യദീപ്തി, യീഹൂദായുടെ സിംഹത്തോടൊപ്പം, മതനിരപേക്ഷത – ഒരു സംവാദം, പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും എന്നീ 6 ഗ്രന്ഥങ്ങളും 21 പ്രഭാഷണങ്ങളും 17 ലേഖനങ്ങളും. 672 പേജുകൾ. വില: 300 രൂപ (ഇന്ത്യയിൽ) സൗജന്യ വില: 200 രൂപ (ഡിസംബർ 31 വരെ) വിദേശത്തേക്ക്: $ 10. രജിസ്റ്റേർഡ് പോസ്റ്റേജ് സൗജന്യം. പുസ്തകം തപാലിൽ ലഭിക്കുവാൻ പണം എം. ഒ/ ഡ്രാഫ്റ്റ് ആയി അയക്കുക. സോഫിയാ പ്രിന്റ് ഹൗസ്, തെക്കേനട, കോട്ടയം – 686001 ഫോൺ: 91 481 3255054, 99471 20697

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448